(ബി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർ ഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് കുറെക്കൂടി പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഉൽപ്പാദന ചെലവിനനുസൃതമായി വില നൽകി കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് കയർഫെഡിനും കയർ കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.

കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം

194 (1237) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം നഷ്ടത്തിലേക്ക് പോവുകയും തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിലേക്ക് കയർ വ്യവസായം പറിച്ചുനടുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരളത്തിൽ പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുംവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കയർ വ്യവസായ രംഗത്ത് ആധുനിക യന്ത്രസൗകര്യങ്ങൾ ഒരുക്കുന്നതിനും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർ വ്യവസായത്തെ കേരളത്തിൽ സംരക്ഷിച്ചുനിർത്തുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 15,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 8,98,21,886 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ചകിരി ഉൽപ്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ നടപ്പാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായുള്ള ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിലെ എല്ലാത്തരം ആധുനിക യന്ത്രങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി ആലപ്പുഴയിൽ ഒരു കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ക്രഷർ യൂണിറ്റോടുകൂടിയ പുതിയ മിനി ഡീഫൈബറിംഗ് മെഷീൻ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുന്നതിനായി Kerala State Coir Machinery Manufacturing Co. Ltd.- ന് നൽകിയിട്ടുണ്ട്. ആധുനിക ജിയോടെക്സ്റ്റൈയിൽ ലൂമും എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.